# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **431** | **10.03.2015**- ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന വ്യാപകമാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനും ഇത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) ആദായനികുതി നിയമം കേന്ദ്ര നിയമമാകയാലും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആദായ നികുതി വകുപ്പിന്റെ നടിപടികളായതിനാലും ഈ വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിയും ബഹു. മുഖ്യമന്ത്രിയും ബഹു.കേന്ദ്ര ധനകാര്യവകുപ്പ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി കേരളത്തിൽ നിന്നുള്ള എം.പി മാരുടെ സമ്മേളനത്തിലും വിഷയം ചർച്ച ചെയ്യുകയുണ്ടായി. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.<br>1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി 3976/2010) തീർപ്പാക്കികൊണ്ട് 27.03.2013- ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ